ബിഷപ്പിന്റെ കത്ത്

പ്രീയരെ,

മഹായിടവക ശക്തീകരണം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് പരിസ്ഥിതി സംരക്ഷണം. ചില പരിസ്ഥിതി മോഡലുകൾ ഈ മഹായിടവകയിലുണ്ടാകേണം. ജനങ്ങളുടെ ജീവിത ശൈലിയിൽ മാറ്റമുണ്ടാകണം. ജനങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങളെടുക്കുവാൻ സഹായിക്കുന്ന ഒരു ലഘുലേഖയാണിത്. ഈ ലഘുലേഖയിൽ പറയുന്ന കാര്യങ്ങൾക്ക് കൂടുതൽ വിശദീകരണം വേണമെങ്കിൽ കമ്മിറ്റിയംഗങ്ങളെ ക്ഷണിച്ചാൽ അവർ വന്ന് ക്ലാസ്സുകൾ എടുക്കും. പ്രാദേശിക തലത്തിൽ ലഭിക്കാവുന്ന ആളുകളെയും ക്ഷണിക്കാവുന്നതാണ്.

പാരിസ്ഥിതിക പ്രതിസന്ധികളാൽ ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ പരിസ്ഥിതി സംരക്ഷണം സഭയുടെ പ്രവാചക ദൗത്യമാണെന്ന് മനസ്സിലാക്കി അച്ചന്മാരും സഭാപ്രവർത്തകരും സ്ഥാപന മേധാവികളും ഈ വിഷയത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മാർച്ച് 31 ന് മുമ്പായി ഇതോടോപ്പം വച്ചിരിക്കുന്ന ഫോം പരിസ്ഥിതി കമ്മിറ്റി കൺവീനർ ഡോ.മാത്യു കോശിയെ ഏല്പിച്ചിരിക്കണം. ഇത് ഗൗരവമായി കാണണമെന്ന് ഞാൻ ഓർപ്പിക്കുന്നു. ഈക്കാര്യം ഓർപ്പിച്ചു കൊണ്ട് വീണ്ടും ഒരു കത്തെഴുതുവാൻ ഞാൻ താല്പര്യപ്പെടുന്നില്ല.

സഭയുടെ ഈ പ്രേഷിത പ്രവർത്തനത്തിൽ ഏവരുടെയും നിർലോഭ സഹകരണം പ്രതീക്ഷിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

റൈറ്റ് റവ തോമസ് കെ ഉമ്മൻ

# മദ്ധ്യകേരള മഹായിടവക പരിസ്ഥിതി നയവും പഞ്ചവത്സര പരിസ്ഥിതി പദ്ധതിയും

**കരട് രേഖ(draft)**

1992 ൽ ദക്ഷിണേന്ത്യ സഭ (CSI) മോഡറേറ്ററായിരുന്ന റൈഡർ ദേവപ്രീയൻ തിരുമേനിയാണ് സി.എസ്സ്.ഐ.സഭയിൽ പരിസ്ഥിതി വിഭാഗം ആരംഭിച്ചത്. അഖില ലോക സഭാ കൗൺസിലിന്റെ ഒരു സമ്മേളനം കഴിഞ്ഞ് തിരികെ വന്ന തിരുമേനി സി.എസ്സ്.ഐയിൽ പരിസ്ഥിതി കമ്മിറ്റി സംഘടിപ്പിക്കുയുണ്ടായി. പാരിസ്ഥിതിക പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിലൊന്നായി മോഡറേറ്റർ തെരഞ്ഞെടുത്തതിന്റെ പ്രസക്തിയെക്കുറിച്ച് അന്ന് പലർക്കും മനസ്സിലായില്ല. ഇന്ന് നാം അതിന്റെ പ്രസ്ക്തി മനസ്സിലാക്കുന്നു. വളരെ ദൂരെ കണ്ട് കാര്യങ്ങൾ തീരുമാനിക്കുകയും പ്രവചിക്കുകയും ചെയ്യുന്നവരാണ് ദീർഘദർശികൾ. അപ്രകാരമുള്ള ഒരു ദീർഘദർശിയായിരുന്നു റൈഡർ ദേവപ്രീയൻ തിരുമേനി. ദീർഘദർശനത്തോടെ 1992 ൽ ദക്ഷിണേന്ത്യ സഭയെടുത്ത തീരുമാനം മറ്റ് സഭകൾക്കും വഴികാട്ടിയായി മാറി. ഇന്ന് മിക്ക സഭകളും പാരിസ്ഥിതിക പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിത പ്രവർത്തനമായി അംഗീകരിച്ചിരിക്കുന്നു.

The Church of South India recognizes that God's mission has various dimensions. The constitution of CSI clearly specifies the mission of the Church 1) Proclamation of Gospel 2) Nurturing the people of God, 3) service 4) establish justice in society 5) Stewardship of creation. In the constitution it is written as " The Church seeks to create awareness among all people about environmental and ecological concerns and thereby to care for God's creation. It endeavors to encourage people to refrain from excessive exploitation of nature's resources and to strive to keep the earth a habitable place for the present as well as future generations."

പ്രകൃതിയില്ലായെങ്കിൽ മനുഷ്യനില്ല. ജീവൻ അസാദ്ധ്യമായിത്തീരും.ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിൽ സകലജീവജാലകങ്ങളും ഉൾപ്പെടുന്നു. ഉല്പത്തി 6: 19 –20 വാക്യങ്ങളിൽ നോഹ പെട്ടകത്തിൽ പ്രവേശിപ്പിച്ചത് മനുഷ്യനെ മാത്രമായിരുന്നില്ല. എല്ലാ ജീവജാലകങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടിരണ്ടിനെ പ്രവേശിപ്പിച്ചുവെന്നാണ് നാം വായിക്കുന്നത്. നോഹയെ ആദ്യത്തെ പരിസ്ഥിതി പ്രവർത്തകനെന്നോ, ജൈവവൈവിധ്യസംരക്ഷകനെന്നോ പറയാം. അപ്പോസ്തലപ്രവർത്തികൾ 10: 9–16 വരെയുള്ള ഭാഗങ്ങളിൽ പത്രോസ് കാണുന്ന സ്വപ്നം വിവരിക്കുന്നു. ദൈവം സൃഷ്ടിച്ചതെല്ലാം വിശുദ്ധമാണെന്നു വ്യക്തമാക്കുന്നു. ദൈവത്തിന്റെ ഡിക്ക്ഷണറിയിൽ അശുദ്ധമെന്ന് കരുതേണ്ടതായ യാതോരു ജീവജാലകങ്ങളുമില്ല. ഉല്പത്തി പുസ്തകത്തിൽ ആദ്യ അദ്ധ്യായത്തിൽ ദൈവം സൃഷ്ടിയെല്ലാം കഴിഞ്ഞു, താൻ സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് കണ്ടുവെന്നാണ് നാം വായിക്കുന്നത്. ഉൽപ്പത്തി 9 –ാം അദ്ധ്യായം ജൈവവൈവിദ്ധ്യത്തിന് പ്രാധാന്യം നൽകുന്നു. എല്ലാ മൃഗങ്ങൾ എന്നും എല്ലാ ജീവജാലകങ്ങൾ എന്നും അനവധി തവണ ഈ അദ്ധ്യായത്തിൽ പറയുന്നു. ഉല്പത്തി 9: 8–10വരെയുള്ള വാക്യങ്ങളിൽ ദൈവം മനുഷ്യനോട് മാത്രമല്ല ഉടമ്പടി ചെയ്യുന്നത്. പിന്നെയോ സകല ജീവജാലകങ്ങളോടുമാണ്. മനുഷ്യനും സകലജീവജാലകങ്ങളും ശ്വസിക്കുന്നത് ഒരേ വായു തന്നെയായതിനാൽ, നാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ആവർത്തന പുസ്തകം 20: 19, 22: 6 ൽ ചെടികളും വൃക്ഷങ്ങളും പക്ഷികളും നമ്മുടെ കരുതൽ ആഗ്രഹിക്കുന്നുവെന്നതിനാൽ അവയ്ക്ക് നാശമുണ്ടാകുന്ന പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിയണമെന്നാഹ്വാനമാണ് നൽകുന്നത്. റോമർ 8: 19,20 വാക്യങ്ങളിൽ സൃഷ്ടി രക്ഷയ്ക്കായി കാത്തിരിക്കുന്നതായി നാം വായിക്കുന്നു. ഭൂമിയെത്തന്നെ ജീവനുള്ള വസ്തുവായി കരുതണമെന്നുള്ളതാണ് ആധുനിക ചിന്ത.(Earth as a single living creature). ഭൂമിയിലുള്ള ഏതെങ്കിലും വസ്തുവിന് ക്ഷതം സംഭവിച്ചാൽ പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും പ്രകൃതിയുടെ താളം തന്നെ തകരാറിലാക്കുകയും ചെയ്യും. ജീവൻ അപകടത്തിലാകും. അതുകൊണ്ട് രക്ഷയ്ക്ക് ഒരാഗോള മാനമുണ്ട്. Total redemption of the Universe എന്ന ആശയമാണ് ഇന്നു കൂടുതൽ പ്രസക്തമായിരിക്കുന്നത്. രക്ഷയ്ക്കു വ്യക്തികത മാനത്തേക്കാളും സാമൂഹ്യ മാനത്തേക്കാളും ഉപരിയായി ഒരാഗോള മാനമുണ്ട് നാം മനസിലാക്കണം. ജനങ്ങളുടെ മനോഭാവം ഈക്കാര്യത്തിൽ പ്രാധാന്യമർഹിക്കുന്നു. പരിസ്ഥിതി സംരക്ഷണം ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാകുന്നതീലൂടെ മാത്രമേ നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാകൂ. പ്രകൃതിയുടെ സന്തുലനാവസ്ഥയെ തകർക്കുന്നതെല്ലാം പാപമാണെന്ന് നാം വിശ്വസിക്കുന്നു.

ദക്ഷിണേന്ത്യ സഭ സഭയുടെ പാരിസ്ഥിതിക ദർശനം വേദപുസ്തകടിസ്ഥാനത്തിൽ വ്യക്തമാക്കുന്ന അഞ്ചു പുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഈ ലഘുലേഖയിലൂടെ ദക്ഷിണേന്ത്യ സഭ അംഗീകരിച്ച പത്തു വർഷ കർമ്മപദ്ധതിയിൽ ചിലത് വിശദീകരിക്കയാണ്. പ്രാദേശിക, സാമൂഹ്യ പ്രസക്തി നോക്കി ഇവ പ്രയോഗത്തിൽ വരു

ത്തേണ്ടതാണ്.

ഓരോ  ഇടവകയും താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി മുൻഗണന ക്രമം നിശ്ചയിക്കുകയും അത് മഹായിടവക പരിസ്ഥിതി കൺവീനറെ അറിയിക്കയും വേണം. അവയെല്ലാം ക്രോഡീകരിച്ച് ഓരോ മാസവും ചെയ്തു തീർക്കേണ്ട പദ്ധതി രൂപ രേഖയാക്കി  ലോക പരിസര ദിനമായ ജൂൺ 5 ന് മഹായിടവ ബിഷപ്പ് പ്രകാശനം ചെയ്യും. മഹായിടവകയ്ക്ക് ഒരു പരിസ്ഥിതി നയവും  പഞ്ചവത്സര പരിസ്ഥിതി പദ്ധതിയും അന്നു മുതൽ നിലവിൽ വരുന്നതാണ്. ഇത് ചർച്ചകൾക്കും പഠനങ്ങൾക്കും വേണ്ടിയുള്ള കരട് രേഖയാണ്. ഈ രേഖയിൽ നിങ്ങൾക്ക് മാറ്റങ്ങൾ നിർദ്ദേശിക്കാം. പുതിയത് ചേർക്കാം. അതിന് സഹായിക്കുവാൻ പരിസ്ഥിതി കമ്മിറ്റിയംഗങ്ങൾ മഹായിടവകയിൽ എല്ലാ ഇടവകകൾ സന്ദർശിക്കുകയും ഈ രേഖ വിതരണം ചെയ്ത് ചർച്ചകൾക്ക്  നേതൃത്വം കൊടുക്കയും ചെയ്യുന്നതാണ്. പരിസ്ഥിതി കമ്മറ്റിയംഗങ്ങളുടെ പേരും ഫോൺ നമ്പരും ഈ ലഘുലേഖയിൽ കൊടുത്തിട്ടുണ്ട്. അവരെ പ്രാദേശിക ഇടവകകളുടെയും സ്ഥാപനങ്ങളുടയും സൗകര്യമനുസരിച്ച് വിളിക്കയും ചെയ്യാം. ഇതൊരു ജനകീയ പദ്ധതിയാക്കി തീർക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അടുത്ത മൂന്നു മാസം മഹായിടവകയിലെ ജനങ്ങൾക്ക് അഭിപ്രായം പറയുവാനുള്ള അവസരമാണ്. അത് പദ്ധതിയായി പ്രയോഗത്തിൽ വരുത്തുമ്പോൾ , വിമർശിക്കാതെ അതിനുള്ള അവസരം സഭാംഗങ്ങൾക്ക്  ഇപ്പോൾ ഉപയോഗിക്കാവുന്നതാണ്. മഹായിടവക കൺവീനറുടെ ഫോൺ നമ്പരും ഈമെയിലും ഈ ലഘുലേഖയിൽ കൊടുത്തിട്ടുണ്ട്.

2012 ലേക്ക് നാം തെരഞ്ഞെടുത്തിരിക്കുന്ന കുറി വാക്യം

# മാലിന്യവിമുക്തമായ എന്റെ വീടും പരിസരവും

**1)മലിനീകരണം തടയുക**

നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം  മലീനീകരണമാണ്. വീട്ടിലുള്ള മലീനീകരണങ്ങൾ പ്ലാസ്റ്റിക് ബാഗുകളിലാക്കി റോഡിൽ വലിച്ചെറിയുന്ന ഒരു സംസ്ക്കാരം രൂപപ്പെട്ടു വരികയാണ്. ഇത് പകർച്ചവ്യാധികൾ ഉൾപ്പെടെ അനവധി പ്രശ്നങ്ങൾക്കിടയാക്കും. ഇതിന് ഓരോ സ്ഥലത്തിനും യോജിച്ച പരിഹാര മാർഗ്ഗം ഉടനെ കണ്ടെത്തണം.

**1.1 വളമായി മാറ്റുക**

മണ്ണിര ഉപയോഗിച്ച് വളമായി മാറ്റവാൻ സാധിക്കുന്നത് ഉടനെ അങ്ങനെ മാറ്റണം. അതിന് പ്രാദേശിക തലങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിൽ നിന്ന് ഉപദേശം ലഭിക്കും. മറ്റ് ഏജൻസികളും പല സംവിധാനങ്ങളിലൂടെ വെർമി കംപോസ്റ്റ് പദ്ധതി ക്രമീകരിക്കുന്നുണ്ട്.

.

**1.2 ബയോഗ്യാസ്**

വീട്ടിലുള്ള ജൈവമാലിന്യങ്ങളെ അടുക്കളയിൽ പാചകത്തിനു ഇന്ധനമായി ഉപയോഗപ്പെടുത്തുന്ന ബയോഗ്യാസ് സംവിധാനം ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കയാണ്. സർക്കാർ ഇതിന് സബ്സിഡി നൽകുന്നുണ്ട്. അടുക്കള ഉച്ഛിഷ്ടങ്ങളുടെ അളവ് അനുസരിച്ച് ഉപയോഗിക്കാവുന്ന ബയോഗ്യാസ് പ്ളാന്റുകൾ മാർക്കറ്റിൽ ലഭ്യമാണ്. അനെർട്ട്, ശാസ്ത്ര സാഹിത്യ പരിഷത്ത്, തിരുവല്ലായിലെ ബോധന തുടങ്ങിയ പ്രസ്ഥാനങ്ങൾ ബയോഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുവാൻ തല്പരരാണ്. 8000 രൂപ മുതലുള്ള ബയോഗ്യാസ് പ്ലാന്റുകൾ ലഭ്യമാണ്. അൻപത് ശതമാനം സർക്കാർ സബ്സിഡിയും ലഭ്യമാണ്. അടുക്കള ഉച്ഛിഷ്ടങ്ങൾ പ്രയോജപ്രദമായി ഉപയോഗിക്കുന്നതോടൊപ്പം പാചക വാതകത്തിനുപയോഗിക്കുന്ന പണം ലഭിക്കുകയും ചെയ്യാം.

**1.3 പ്ലാസ്റ്റിക്ക് കഴിവതും ഉപയോഗം കുറയ്ക്കുക**

പ്ലാസ്റ്റിക്ക് ഇന്ന് ജൈവവിഘടനം നടക്കാത്ത ഒരു പെട്രോളിയം ഉൽപ്പന്നമാണ്. കരയിലും ജലത്തിലും അലക്ഷ്യമായി ഇടുന്നത് ജീവജാലകങ്ങൾക്ക് ഭീഷണിയാണ്. മണ്ണിൽ അലിഞ്ഞു ചേരാതെ കിടക്കുന്ന വസ്തുവായതിനാൽ ഭൂമിയിലേക്ക് ജലം താഴുന്നതുൾപ്പെടെ അനവധി പ്രശ്നങ്ങൾക്കിടയാക്കും. പ്ലാസ്റ്റിക്കുന് പ്രത്യേക ഗുണങ്ങൾ ലഭിക്കുവാൻ മറ്റ് രാസ പദാർത്ഥങ്ങൾ ചേർക്കാറുണ്ട്. ഇത് മലീനീകരണമുണ്ടാക്കുക മാത്രമല്ല, മാരകവുമാണ്. ഇവ കത്തിക്കുമ്പോൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഡയോക്സിൻ കാൻസറിനിടയാക്കും. പ്ലാസ്റ്റിക്ക് യാതോരു കാരണവശാലും കത്തിക്കരുത്. പാസ്റ്റിക്കിൽ മാലിന്യങ്ങൾ കെട്ടി പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കരുത്. ഭാരതത്തിൽ 2000 –2001 കാലയളവിൽ നാലു ദശലക്ഷം ടൺ പ്ലാസ്റ്റിക്കാണ് ഉപയോഗിച്ചത്. രാജ്യത്ത് ഏറ്റവും കൂടുതൽ പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് കേരളത്തിലാണ്. പ്രതിശീർഷ ഉപയോഗം ആറു കിലോ ഗ്രാം. പ്ലാസ്റ്റിക്കിന്റെ അമിതമായി ഉപയോഗവും അശാസ്ത്രിയമായ നിർമ്മാർജ്ജനവും കേരളത്തിൽ രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക. പ്ലാസ്റ്റിക് കാരി ബാഗുകൾ നിരോധിക്കുക.

**1.4 മാലിന്യങ്ങളെ ഉത്ഭവസ്ഥാനത്ത് വച്ച് തന്നെ തരംതിരിച്ച്** എടുക്കണം. അടുക്കളയിൽ രണ്ട് ബക്കറ്റുകൾ വച്ച് ജൈവവിഘടനം നടക്കുന്നവയെ ഒന്നിലും പ്ളാസ്റ്റിക്ക് പോലുള്ള വയെ രണ്ടാമത്തേതിലും നിക്ഷേപിക്കണം. ബയോ ഗ്യാസ് പോലുള്ളവയിൽ ഒന്നാമത്തേതിൽ നിന്നുള്ളവ മാത്രമേ നിക്ഷേപിക്കാവൂ. രണ്ടാത്തേത് ഉപയോഗശൂന്യമാ യവ ശേഖരിക്കുവാൻ വരുന്നവർക്ക് കൊടുക്കണം.

## 2 പ്രകൃതി സംരക്ഷണം

### 2.1 ചെടികൾ നടുക

തരിശായി കിടക്കുന്ന ജലദൗർലഭ്യമുള്ള ഭൂമിയിൽ കടലാവണക്ക്/പുന്ന, കായലോരങ്ങളിലും കടൽ തീരങ്ങ ളിലും കണ്ടൽകാട്, മണ്ണൊലിപ്പുള്ള സ്ഥലങ്ങളിലും ജലദൗർലഭ്യം കൂടുതലുള്ള സ്ഥലങ്ങളിലും രാമച്ചം, മറ്റ് പുരയിട ങ്ങളിൽ പ്ളാവ് പോലുള്ള ഫലദായക മരങ്ങളും നട്ടു പിടിപ്പിക്കുവാൻ സി എസ്സ് ഐ സഭ ജനങ്ങളോട് അഭ്യർത്ഥി ക്കുന്നു. മഴ സമയങ്ങളിൽ സോഷ്യൽ ഫോറസ്ട്രി, വനം വകുപ്പ് തുടങ്ങിയവയുമായി മെയ് മാസം ബന്ധപ്പെട്ടാൽ ചെടികൾ ലഭിക്കും. ജില്ലാ കേന്ദ്രങ്ങളിൽ ബന്ധപ്പെടണം. അടുത്ത പത്തു വർഷത്തിനുള്ളിൽ സിഎസ്സഐ സഭ ദക്ഷി ണേന്ത്യയിൽ 20 ദശലക്ഷം ചെടികൾ നടണമെന്നാണ് ആഗ്രഹിക്കുന്നത്.

**2.2 ഔഷധ ചെടികൾ** എല്ലാവരും വീട് മുറ്റത്തും ചുറ്റുപാടുകളിലും ഔഷധ ചെടികൾ നടുവാൻ ക്രമീകരണങ്ങൾ ചെയ്യണം.

**2.3 പച്ചക്കറികൾ** രാസ വളങ്ങളും കീട നാശിനികളും ഉപയോഗിക്കാത്ത പച്ചക്കറികൾ കൃഷി ചെയ്യുവാൻ പ്രോത്സാ ഹിപ്പിക്കണം. പച്ചക്കറി വിത്തുകൾ കൃഷി ഭവനുകളിൽ നിന്ന് സൗജന്യമായി ലഭിക്കും.

## 3 ജലസംരക്ഷണം

### 3.1 മഴവെള്ളക്കുഴികൾ

കേരളം മിച്ച ജല സംസ്ഥാനമെന്ന നിലയിൽ നിന്ന് ജല ദൗർലഭ്യ സംസ്ഥാനമെന്ന നിലയിലേക്ക് മാറിക്കൊ ണ്ടിരിക്കയാണ്.. നാം രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ നേരിടുവാൻ പോകുകയാണെന്ന് സാരം. ഇതിനെന്താ പ്രതി വിധി. നേരത്തെ മുൻ കൂട്ടി കണ്ടാൽ ഒരു പരിധി വരെ പ്രശ്നം ഗുരുതരമാകാതെ സൂക്ഷിക്കാം. ഏറ്റവും കൂടുതൽ മഴവെള്ളം കിട്ടുന്ന കേരളത്തിലെ ഉപരിതല ജല ലഭ്യത രാജസ്ഥാനെക്കാളും ആന്ധ്രയോക്കാളും കുറവാണെന്ന് കേൾക്കുമ്പോൾ പലരും ഞെട്ടാം. കേരളത്തിന്റെ ഭൂപ്രകൃതിയാണ് അതിന് കാരണം. പെയ്യുന്ന ജലം ഉപരിതലത്തിൽ കൂടി പെട്ടെന്ന ഒലിച്ച് പോകുന്ന ഭൂമിയുടെ കിടപ്പ്. ഇതിന് മഴവെള്ളത്തെ പിടിച്ച് നിർത്തണം. ഓടുന്ന മഴവെള്ളത്തെ ഇഴയാനും, ഇഴയുന്ന മഴവെള്ളത്തെ നടക്കാനും നടക്കുന്ന വെള്ളത്തെ നിർത്താനും നാം പഠിക്കണം. മഴക്കുഴികൾ നിർമ്മിക്കണം. നമ്മുടെ മേൽക്കൂരയിലും പുരയിടത്തിലും വീഴുന്ന മഴവെള്ളം പുറത്തു പോകാതെ മഴവെള്ള ക്കുഴി യിലേക്ക് നയിക്കണം. അവിടെ താഴണം. അത് പിന്നീട് കിണറുകളിൽ ഉറവകളായി മാറും.

അടുത്ത ഒരു വർഷത്തിനുള്ളിൽ മഹായിടവകയിലെ എല്ലാ പള്ളി കാമ്പസ്സുകളിലും, സ്ഥാപനങ്ങളുടെ കാമ്പസ്സുക ളിലും മഴവെള്ളക്കുഴികൾ നിർമ്മിച്ച് വെള്ളം സംരക്ഷിക്കും. അതായത് മുന്നൂറോളം പള്ളി കാമ്പസ്സുകളിലും ഇരുനൂ റോളം സ്ഥാപനങ്ങളും മഴവെള്ളക്കുഴികൾ നിർമ്മിക്കും. മഹായിടവകയിലെ എല്ലാവരുടെയും വീടിനോട് ചേർന്നുള്ള സ്ഥലത്ത് രണ്ടു വർഷത്തിനുള്ളിൽ മഴവെള്ളക്കുഴികൾ ഉണ്ടാവും.

**2.2 മഴവെള്ള സംഭരണം** മേൽക്കൂരയിൽ വീഴുന്ന ജലം വലിയ ടാൻങ്കുകളിൽ സംഭരിച്ച് വച്ചാൽ ചെടികൾ നനയ്ക്കു വാനും പാത്രങ്ങൾ കഴുകുവാനും ഉപയോഗിക്കാം. സുരക്ഷിതമയ രീതിയിൽ സംഭരിക്കുന്ന വെള്ളം കുടിക്കുവാനും ഉപയോഗിക്കാം.

## 4. ഊർജ്ജസംരക്ഷണം

### 4.1 സോളാർ ഊർജ്ജം

സൂര്യ പ്രകാശത്തിൽ നിന്നും ലഭിക്കുന്ന ഊർജ്ജം ഉപയോഗിച്ചു കത്തുന്ന വിളക്കുകൾ കഴിവതും പ്രചരിപ്പിക്കു വാൻ ശ്രമിക്കും സി എസ്സ് ഐയുടെ എല്ലാ സ്ഥാപനങ്ങളിലും മൂന്നു വർഷത്തിനുള്ളിൽ സോളാർ പാനലുകൾ പിടി പ്പിച്ച് വൈദ്യുതി ലഭിക്കുവാനുള്ള നടപടിയെടുക്കും.

4.2 സി എഫ് എൽ വിളക്കുകൾ . കഴിവതും സി എഫ് എൽ വിളക്കുകൾ ഉപയോഗിക്കുവാൻ ശ്രമിക്കുക. 2008–2010 കാലഘട്ടങ്ങളിൽ പവ്വർകട്ട് പൂർണ്ണമായി പിൻവലിക്കുവാൻ സാധിച്ചത് സർക്കാർ വിദ് ഗദ്ധ ഉപദേശത്തിന്റെ വെളിച്ച ത്തിൽ സി എഫ് എൽ വിളക്കുകൾ വ്യാപകമായി വിതരണം ചെയ്തതിന്റെ ഫലമായാണ്.

## 5 വൈദ്യുത ഉപകരണങ്ങൾ

എനാർജി എഫിഷ്യൻസി ഉള്ള ഉപകരണങ്ങൾ ഉപയോഗിക്കുവാൻ സഭാംഗങ്ങളെ പ്രേരിപ്പിക്കും. വില കൂടുതലാണെ ങ്കിലും ഫൈവ് സ്റ്റാർ റേറ്റിംഗ് ഉള്ള വൈദ്യുത ഉപകരണങ്ങൾ വാങ്ങുവാൻ പ്രേരിപ്പിക്കും.

**6 കൃഷി**

ജൈവകൃഷിയാണ് സി എസ്സ് ഐ സഭ പ്രോത്സാഹിപ്പിക്കുന്നത്. അതിന് വേണ്ട പരിശീലനങ്ങളും നിർദ്ദേശവും നൽകും. ജൈവപച്ചക്കറി കൃഷി വ്യാപകമായി ചെയ്യുവാൻ സഭയായി പ്രേരിപ്പിക്കുന്നു. അതിന് കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന സഹായങ്ങളും ഉപദേശങ്ങളും പ്രയോജനപ്പെടുത്തും. എല്ലാ ഇടവകകളും കൃഷി ഭവനുകളുമായി ബന്ധപ്പെട്ട് അവിടെ നിന്നു ലഭിക്കുന്ന സേവനങ്ങൾ സഭാ ജനങ്ങൾക്ക് പൂർണ്ണതോതിൽ ലഭ്യമാക്കേണ്ടതാണ്. പരമ്പരാഗതമായി ചെയ്തു വന്നിരുന്ന ഭൂമിയെ പുഷ്ടിപ്പെടുത്തിയിരുന്ന കൃഷി രീതികളുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തും. ഉദാഹരണത്തിന് തെങ്ങിന് തടമെടുക്കുന്നത് വഴി വെള്ളം താഴുവാനുള്ള സംവിധാനമാണുണ്ടായിരുന്നത്. കയ്യാലകളുണ്ടാക്കി മണ്ണൊലിപ്പ് തടഞ്ഞിരുന്നു.

**7 പങ്കാളിത്തം**

7.1 ഒറ്റയ്ക്ക് നമ്മുടെ വ്യക്തിത്വം നിലനിർത്തി ചെയ്യേണ്ട ഒരു പദ്ധതിയല്ല പരിസ്ഥിതി സംരക്ഷണം. സഹകരിക്കുവാൻ താല്പര്യപ്പെടുന്ന എല്ലാവരേയും ഈ പരിസ്ഥിതി സംരക്ഷണ പ്രക്രീയയിൽ പങ്കാളികളാക്കണം. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, സർക്കാരേതര സ്ഥാപനങ്ങളായ ശാസ്ത്ര സാഹിത്യ പരിഷത്ത്, തണൽ തുടങ്ങിയ പ്രസ്ഥാനങ്ങളുമായി സഹകരിക്കുകയും അവരുടെ കൈവശമുള്ള അറിവുകൾ നമ്മുടെ സഭാംഗങ്ങൾക്ക് ലഭ്യമാക്കുകയും വേണം. സഹകരണത്തിലൂടെ നമുക്കും വളരുവാനാകൂ.

7.2 പ്രാദേശിക തലത്തിൽ വികാരിയോ സഭാപ്രവർത്തകനോ അദ്ധ്യക്ഷന്മാരും കൈക്കാരന്മാരും സെക്രട്ടറിയും കൗൺസിലർമാരും ഉൾപ്പെടെ പതിനൊന്നു പേർ ഉൾപ്പെടുന്ന ഒരു പരിസ്ഥിതി കമ്മിറ്റി സംഘടിപ്പിക്കണം. ഇതു വരെയായും സംഘടിപ്പിച്ചില്ലായെങ്കിൽ മാർച്ച് 31നകം സംഘടിപ്പിക്കേണ്ട ഉത്തരവാദിത്തം സഭയുടെ ചുമതല വഹിക്കുന്നരുടേതാണ്.

**8 ബോധവൽക്കരണം**

**8.1 ക്ലാസ്സുകൾ**

സ്കൂളുകളിലും ഇടവകകളിലും ഓരോ വിഷയങ്ങളിലും ക്ലാസ്സുകൾ ക്രമീകരിച്ച് പാരിസ്ഥിതി വിഷയങ്ങളിൽ വിശ്വാസികളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കണം. ജില്ലാ തല പരിപാടികൾ സംഘടിപ്പിക്കുമ്പോൾ 30–40 പേരെ ഉദ്ദേശിച്ചുള്ള പഠന ക്ലാസ്സുകളായിരിക്കേണം നടത്തേണ്ടത്. ഇവർക്ക് ഉച്ച ഭക്ഷണം കൊടുക്കുവാൻ പരിപാടി നടക്കുന്ന സ്ഥലങ്ങളിലെ വിവിധ വീടുകളിൽ നിന്ന് പൊതികൾ ശേഖരിച്ച് ഭക്ഷണം കൊടുക്കുന്ന ശൈലി വളർത്തിയോടുക്കണം. കേറ്ററിംഗ് ഗ്രൂപ്പുകളെ വിളിച്ച് ഭക്ഷണം കൊടുക്കുന്നതിന് ചെലവേറും. ഭക്ഷണം തയ്യാറാക്കി കൊടുക്കുമ്പോൾ സംഘാടകർ പഠന ക്ലാസ്സിൽ പങ്കെടുക്കത്തില്ല. ചെലവ് കുറഞ്ഞ പുതിയ ശൈലികൾ വളർത്തിയെടുക്കണം.

**8.2 നോട്ടിസ് ബോർഡുകൾ**

കാമ്പസ്സിൽ എല്ലാവരും കാണുന്ന സ്ഥലങ്ങളിൽ പ്രസക്തമായ പരിസ്ഥിതി വിഷയങ്ങളെക്കുറിച്ചുള്ള ബോർഡുകൾ സ്ഥാപിക്കണം

**8.3 പത്ര വാർത്തകൾ**

ഓരോ ഇടവകകളും സ്ഥാപനങ്ങളും ചെയ്യുന്ന പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ വാർത്തയും ഫോട്ടോയും പത്രങ്ങളിലും സഭയുടെ പ്രസിദ്ധീകരണങ്ങളിലും കൊടുക്കണം. ഇത് മറ്റുള്ളവർക്ക് ചെയ്യുവാൻ പ്രേരണയാകുകയും നമുക്ക് അംഗീകാരമായി മാറുകയും ചെയ്യും. മഹായിടവക കൺവീനർക്ക് അ

**8.4 ആഘോഷങ്ങൾ**

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ ഇടവകകളിൽ നടക്കണം. ആദ്യഫല ശുശ്രൂഷ harvest - Environment festival ആയി മാറണം. ദൈവത്തിന്റെ സൃഷ്ടിയായ മണ്ണിന്റെ ഗർഭപാത്രത്തിൽ നിന്നും രൂപപ്പെട്ട ഫലങ്ങൾക്ക് നന്ദി പറയുന്ന ആഘോഷമാണിത്. സൃഷ്ടിയുടെ മഹാത്മ്യത്തെ വിളിച്ചോതുന്ന സ്തോത്രം ചെയ്യുന്നയവസരമാണ്.

**9 അംഗീകാരം**

ഇടവകയിൽ/ സ്കൂളിൽ പരിസ്ഥിതിക്കിണങ്ങുന്ന രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തികളെ /കുട്ടികളെ ആദരിക്കണം. നൽകുന്ന സമ്മാനത്തിന്റെ മൂല്ല്യമല്ല പ്രധാന്യം. പൊതു സദസ്സിൽ വച്ച് പറയുന്ന നല്ല വാക്കുകൾ തന്നെ വലിയ അംഗീകാരമാണ്. മറ്റുള്ളവർക്ക് അത് പ്രേരണയാകും. ഗ്രീൻ ഹോം, ഗ്രീൻ സ്കൂൾ തുടങ്ങിയ എല്ലാ വർഷവും കൊടുക്കണം.

**10 ഗ്രീൻ ഓഡിറ്റ്**

ഇടവകയിലും സ്കൂളിലും ഭവനങ്ങളിലും ഗ്രീൻ ഓഡിറ്റിംഗ് ക്രമമായി നടക്കണം. വൈദ്യുതിയുടെ ഉപയോഗം ഓരോ വർഷവും കുറയ്ക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും അവാർഡുകൾ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

# സി.എസ് ഐ മദ്ധ്യകേരള മഹായിടവക

## പരിസ്ഥിതി കമ്മിറ്റി

### ഹരിത ഭവന അവാർഡ് നിർണ്ണയം -മാർഗരേഖ

ഓരോ ഇടവകയും താഴെപ്പറയുന്ന മാർഗ്ഗരേഖയ്ക്കനുസൃതമായി ഒരു ഭവനത്തെ ഹരിത ഭവനമായി തെരഞ്ഞെടുക്കയും ഇടവകയിൽ സൗകര്യമായ രീതിയിൽ ആ ഭവനത്തെ ആദരിക്കയും ചെയ്യണം. ഭവനത്തിലെ അംഗങ്ങളെ വിളിച്ചു മുമ്പോട്ടു വരുത്തി നല്ല വാക്കു പറയുകയോ ഒരു പൊന്നാടയണിയിക്കുകയോ ചെയ്യാം. പ്രാദേശിക തലത്തിൽ പരിസ്ഥിതി സംരക്ഷണം ചർച്ചാ വിഷയമാകണം. പരിസ്ഥിതി സംരക്ഷണം സഭയുടെ ദൗത്യമായി വ്യക്തമായി സിഎസ് ഐയുടെ ഭരണഘടനയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സുവിശേഷ വേലയുടെ ഭാഗമാണ്. കാലവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ഈ ഭൂമിയിൽ ജീവിതം അസാദ്ധ്യമാക്കും എന്നാണ് ശാസ്ത്ര പഠനങ്ങൾ. സമൃദ്ധിയായ ജീവൻ നല്കുവാൻ വന്ന യേശുവിനെ പ്രസംഗിക്കുന്ന സഭയ്ക്കു ജീവനെ നിഷേധിക്കുന്ന ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകേണ്ടതുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ നിമിത്തം ദാരിദ്ര്യം, മരണം, പ്രളയം, വരൾച്ച, രോഗങ്ങൾ, തുടങ്ങിയയ്ക്കു സാദ്ധ്യതയുണ്ട്.

താഴെ പ്പറയുന്നവയ്ക്ക് ഓരോന്നും തൃപ്തികരമായ കാണുന്നുവെങ്കിൽ രണ്ട് മാർക്ക് (+2) വീതം കൊടുക്കുക

1) കൃഷിയ്ക്കു ജൈവ വളം
2) പച്ചക്കറി കൃഷി
3) പുരയിടത്തിൽ മഴക്കുഴികൾ
4) വീട്ടിൽ **CFL** ലൈറ്റുകൾ ഉപയോഗിക്കുന്നു
5) സൂര്യപ്രകാശം ഉപയോഗിച്ചുള്ള വിളക്കുകൾ/ മറ്റുപകരണങ്ങൾ
6) മഴവെള്ള സംഭരണി
7) വിവിധ തരത്തിലുള്ള ചെടികൾ /മരങ്ങൾ
8) വീട്ടിൽ മനോഹരമായ പൂന്തോട്ടം
9) കോഴി /മറ്റു വിവിധ വിഭാഗങ്ങളിലുള്ള പക്ഷികൾ
10) ആട്/ കാലി തുടങ്ങിയവ
11) മുയൽ വളർത്തൽ/കൂൺ കൃഷി
12) അടുക്കളയിൽ ബയോഗ്യാസ്
13) മാലിന്യങ്ങൾ- നിർമ്മാർജ്ജന സൗകര്യം
14) പുകയില്ലാ അടുപ്പ്
15) കഞ്ഞി വെയ്ക്കുവാൻ കച്ചിപ്പെട്ടി/ തെർമൽ കുക്കർ
16) ഭവനം വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു.
17) കടയിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ കൂടുകൾ കൊണ്ടു പോകുന്നു.
18) വെർമി കംപോസ്റ്റ്
19) എല്ലാ കാര്യങ്ങളിലും സഹകരണ മനോഭാവം.
20)പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചു വീട്ടിലുള്ളവർക്കു വ്യക്തമായ ധാരണയുണ്ട്.

താഴെപ്പറയുന്നവയ്ക്ക് മൈനസ് ഒരു ( -1) മാർക്കാണ്. ഒരു മാർക്കു വീതം ഇട്ടതിനു ശേഷം മുകളിൽ കൂട്ടിക്കിട്ടിയതിൽ നിന്നും കുറയ്ക്കണം.

1) കഴിഞ്ഞ വർഷം ഭവനത്തിലാരെങ്കിലും ആശുപത്രിയിൽ കിടന്നു ചികിത്സിച്ചു.
2) അസുഖങ്ങൾ തുടർച്ചയായി ഉണ്ടാകുന്നു.
3) ചുറ്റു പാടും പ്ലാസ്റ്റിക്ക് കൂടുകൾ
4) പരിസരം വൃത്തിഹീനം
5) കൃഷിയ്ക്കു രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നു.
6) ഈച്ച ശല്യം വ്യാപകം
7) ടോയിലറ്റ് വൃത്തിഹീനം
8) അടുക്കള വൃത്തിഹീനം

## ഗ്രീൻ പാരിഷ് –നിർദ്ദേശങ്ങൾ

**സൃ**ഷ്ടിയുടെ മഹത്വത്തെപ്പറ്റി അവബോധമുള്ള ഒരു സംഘം ആളുകളെ സംഘടിപ്പിക്കുക. സഭയുടെ കാര്യങ്ങൾ പരിസ്ഥിതിസംരക്ഷണവുമായി സംയോജിപ്പിച്ചുകൊണ്ടുപോകുന്ന ഊർജസ്വലമായ സഭ ഇന്നത്തെ ആവശ്യമാണ്.

സഭയുടെ പ്രവർത്തനം

സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിനു പ്രധാന സ്ഥാനം നൽകുക. പരിസ്ഥിതി ദൈവശാസ്ത്രം ജനങ്ങളെ പഠപ്പിക്കുക.

ആരാധനയും ആരാധനാക്രമവും

സഭ യുടെ ആരാധനാക്രമങ്ങളിൽ ഇടയ്ക്കിടയ്ക്കെങ്കിലും സൃഷ്ടിയുടെ മഹത്വത്തെപ്പറ്റിയുള്ള പ്രസംഗം ഉൾപ്പെടുത്തുക. വേദപഠനക്ലാസുകളിലും മറ്റും സൃഷ്ടിയെപ്പറ്റി ഒരു അവബോധം ഉണ്ടാക്കുക. ദൈവം ഉദ്ദേശിച്ചതുപോലെ ദൈവത്തിന്റെ ഏദെൻതോട്ടത്തിൽ നമ്മുടെ ജീവിതരീതിയും മറ്റു പ്രവർത്തനങ്ങളും ആയിത്തീരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള ചർച്ചുകൾക്കും പ്രാർഥനകൾക്കും പ്രത്യേക സമയം കണ്ടെത്തുക.പ്രാർഥനായോഗങ്ങളും മറ്റും പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ നടത്തുക. സഭയിലെ ഓരോ കുടുംബമെങ്കിലും ഒരാഴ്ച കൂടുമ്പോൾ തങ്ങൾ പ്രകൃതിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ രേഖപ്പെടുത്തുക.

**സംരക്ഷണകേന്ദ്രം, കൂട്ടായ്മാസ്ഥലം, പള്ളിനിർമാണം**

പ്രകൃതിയുടെ വിവിധ ാവങ്ങൾ സഭയുമായി ഐക്യപ്പെടുത്തുക. ചെടികൾ നട്ടുപിടിപ്പിക്കൽ, ശുചീകരണം, തുടങ്ങിയ പ്രക്രിയകളെല്ലാം സംഘടിപ്പിക്കുക. പള്ളിക്കു ചുറ്റും പൂച്ചെടികൾ നട്ടുപിടിപ്പിക്കുക. അസംസ്കൃതവസ്തുക്കൾ നിക്ഷേപിക്കാൻവേണ്ടിയുള്ള സൗകര്യങ്ങൾ പള്ളിപ്പരിസരത്ത് ഉണ്ടാക്കുക. കടലാസും മറ്റും സംസ്കരിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക. ഊർജസംരക്ഷണത്തിനു വേണ്ടിയുള്ള സഹായ സഹകരണം സഭ നൽശുക. സംസ്കരിച്ച കടലാസ്, കപ്പുകൾ, പേപ്പർ, പ്ലെയ്റ്റുകൾ എന്നിവ കൂടുതൽ ഉപകാരപ്രദമായി ഉപയോഗിക്കുക. എല്ലാ സഭാതലആഘോഷങ്ങളിലും വീണ്ടും ഉപയോഗിക്കാവുന്ന പ്ലെയ്റ്റുകളും പ്രാദേശികമായി ലഭിക്കുന്ന ക്ഷണപദാർഥങ്ങളും ഉപയോഗിക്കുക. സ യ്ക്ക് കൂടുതൽ കാര്യക്ഷമമായി ഊർജം എങ്ങനെ ഉപയോഗിക്കാമെന്ന് ചിന്തിക്കുക.

ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ തന്നെ വീണ്ടും റിപ്പയർ ചെയ്തു വൃത്തിയായി ഉപയോഗിക്കുക.

**പള്ളിയും പരിസരവും**

പള്ളിപ്പരിസരം പരിസ്ഥിതി സംരക്ഷണത്തിന് ഉത്തമ മാതൃകയാക്കി ഉയർത്തിക്കാണിക്കുക.

ചെടികളും പക്ഷികളും, മരങ്ങളും നിറഞ്ഞു നിൽക്കുന്ന ഒരു നല്ല ഉദ്യാനം നിർമിക്കുക. ഈ കൊച്ചു ഏദൻതോട്ടം സന്ദർശിക്കുന്നവരോട് സൃഷ്ടിയെപ്പറ്റി സംസാരിക്കുക. പക്ഷികൾക്ക് ക്ഷണവും വെള്ളവും ഉദ്യാനത്തിൽ ഒരുക്കുക. ഉപയോഗിച്ച്, ഒഴിഞ്ഞകവറുകളും മറ്റും നിക്ഷേപിക്കുന്നതിന് സംവിധാനം ഒരുക്കുക. പള്ളിപ്പരിസരത്ത് പൂച്ചെടികളും മറ്റും നട്ടു പിടിപ്പിക്കുക.

ചെടികൾക്കുള്ള നഴ്സറി പള്ളിപരിസരത്ത് ഒരുക്കുക.

**വ്യക്തികളും കുട്ടികളും**

സ്വന്തം പരിസ്ഥിതിയെപ്പറ്റി ഒരവബോധം കുട്ടികളിൽ ഉണ്ടാക്കുക. കുട്ടികളെ പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ കൊണ്ടുവരിക. പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന വസ്തുക്കളുടെ ഉപയോഗം ഗണ്യമായി കുറക്കുക വ്യക്തിപരമായ ശുചിത്വശീലങ്ങൾ പാലിക്കുക; അത് മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുക.

**വിദ്യാഭ്യാസവും യാത്രകളും**

ഒരു സംഘം യുവാക്കളെ സംഘടിപ്പിച്ച് ഓരോ വർഷവും കാട്ടിലേക്കും മറ്റും യാത്രകൾ സംഘടിപ്പിക്കുക. ഇതിന്നുതകുന്നതും സഹായകവുമായ ക്ലാസുകൾ സംഘടിപ്പിക്കുക.

സായാഹ്നസവാരികളും, മറ്റും സംഘടിപ്പിക്കുക. ഇതെല്ലാം തന്നെ പ്രകൃതിരമണീയമായ സ്ഥലങ്ങളിലേക്കാകുക.

**സഭയും സമൂഹവും**

ഉപയോഗിച്ച സാധനങ്ങൾ സംസ്കരിക്കുന്നതിനും ജൈവവളങ്ങളും മറ്റും ഉൽപ്പാദിപ്പിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക. പരിസ്ഥിതിയെപ്പറ്റി പഠിക്കാൻ ആഗ്രഹിക്കുന്ന നിർദ്ധനരായ വിദ്യാർഥികൾക്കു വേണ്ട സാമ്പത്തികസഹായം നല്കുക. നല്ലയിനം വിത്തുകളും മറ്റും ശേഖരിക്കുക. പരിസ്ഥിതിക്കനുയോജ്യമായ, അതിനൂതന സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതും പുതിയ ജീവിതരീതികൾ പഠിപ്പിക്കുന്നതുമായ ക്രിസ്തീയ പരിസ്ഥിതിവിപണന മേളകൾ സംഘടിപ്പിക്കുക. (Rain water harvesting, Organic farming, Avoiding horn type speakers in church programmes, Avoiding plastic cups and covers, Arranging public functions on significant days)

**നേതൃത്വഗുണപരിശീലനം**

ജനങ്ങൾക്ക് അവർ പരിസ്ഥിതി എങ്ങനെ ദുരുപയോഗിക്കുന്നുവെന്നും മറിച്ച് അത് എങ്ങനെ ഉപയോഗിക്കണമെന്നുമുള്ള പരിജ്ഞാനം നൽശുക. സഭയുടെ പുസ്തകശേഖരത്തിൽ നിന്നും ഈ വിഷയത്തോടു ബന്ധപ്പെട്ട പുസ്തകങ്ങൾ തിരഞ്ഞെടുക്കുക. ശുചിത്വകാര്യത്തിലും മറ്റും ഏറ്റവും മികച്ചുനിൽക്കുന്ന ഒരു വീടിന് സമ്മാനം നൽകുക. (ഹരിത ഭവന അവാർഡ്) ഏത് പ്രായത്തിലുള്ളവരെയും ആകർഷിക്കാൻ ഇത് സഹായിക്കും.

**വിജ്ഞാന ശേഖരണമേഖല**

പരിസ്ഥിതിയോടുള്ള സഭയുടെ ഉത്തരവാദിത്വത്തെ മുൻനിറുത്തി ഒരു കമ്മിറ്റി രൂപീകരിക്കുക.
സൃഷ്ടിയെ സഹായിക്കുവാനുള്ള ഉദ്യമത്തിന് സഹായകമായിട്ടുള്ള ചിത്രങ്ങളും, പത്രവാർത്തകളും പ്രദർശിപ്പിക്കുക. സഭയും, പരിസ്ഥിതിയുമായുള്ള അഭേദ്യമായ ബന്ധം മനസ്സിലാക്കുക.
പരിസ്ഥിതി സംരക്ഷണവാദികളുടെയും, മറ്റും സംഗമസ്ഥാനമായി മാറുക. പ്രാദേശികതലത്തിലും, ദേശീയ തലത്തിലുമുള്ളപരിസ്ഥിതിപ്രവർത്തകർ ഒത്തുചേർന്നു ആനുകാലിക പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. മാലിന്യക്കൂമ്പാരങ്ങൾ നിക്ഷേപിക്കുന്ന സ്ഥലത്തേക്ക് സഭാംഗങ്ങളെ കൂട്ടിക്കൊണ്ടുപോയി നാം തള്ളിക്കളയുന്ന മാലിന്യങ്ങൾ കാണിച്ചു കൊടുക്കുക.

**പരിസ്ഥിതിസംരക്ഷണത്തിൽ സഭയുടെ ഭാഗഭാഗിത്വം**

വൈദ്യുതിയുടെ ഉപയോഗം 10% കുറയ്ക്കുക. കടലസിന്റെ ഉപയോഗം 10% കുറയ്ക്കുക
ജലത്തിന്റെ ഉപയോഗം 10% കുറയ്ക്കുക. ഓരോ ഇടവകയും 10 മണിക്കൂർ വീതം ഓരോ മാസവും ഉദ്യാനപാലനത്തിനു മാറ്റി വയ്ക്കുക. സഭയുടെ ഊർജസംരക്ഷണനയം വ്യക്തമാക്കുന്ന പത്രികകൾ പ്രസിദ്ധീകരിക്കുക നഗരങ്ങളും, ഗ്രാമങ്ങളും തമ്മിൽ പരസ്പരധാരണയുണ്ടാക്കുക.

**മഹായിടവക പരിസ്ഥിതി കമ്മിറ്റിയംഗങ്ങൾ**

കോടുകുളഞ്ഞി ജില്ല
റവ.പി കെ കുരുവിള 94475 62953
ശ്രീ കോശി മാത്യു 98472 14868

കുമ്പളാംപൊയ്ക ജില്ല
റവ ജിജി ജോസഫ് 94952 40674
ശ്രീ. കുര്യൻ തോമസ് 94009 77234

ആലപ്പുഴ ജില്ല
റവ ജയിക്കബ് ജോൺസൺ 99466 60751
ശ്രീ ടി ഏബ്രഹാം 94475 68006

മാവേലിക്കര ജില്ല
റവ.തോമസ് പായിക്കാട് 94474 14013
പ്രഫ ഡേവിഡ് ഏബ്രഹാം 94471 26771

മല്ലപ്പള്ളി ജില്ല
റവ ജോൺ ഐസക്ക് 94960 83878
ശ്രീ വി ഓ വറുഗീസ് 0469 2785792

കോട്ടയം ജില്ല
റവ ജോർജ് മാത്യു 98463 55148
ഡോ. കെ വി ജോർജ് 94474 09557 *
ഡോ.ജോഷ്വ ഏബ്രഹാം 94474 09633 *

പുന്നവേലി ജില്ല
റവ എം ഏ ജയിക്കബ് 95627 05458
ശ്രീ മോൻസി പോത്തൻ 80862 47505
ശ്രീമതി ലീന ഫിലിപ്പ് 94475 04712

ഏറ്റുമാനൂർ ജില്ല
റവ ദാസ് ജോർജ് 94963 22047
ശ്രീമതി എലിസബേത്ത് സാം 0471 2540856

അടൂർ ജില്ല
റവ മാത്യൂസ് ഡേവിഡ് 95392 02774
ഡോ.സൂസൻ ഫിലിപ്പ് 0471 2540856 *

മുണ്ടക്കയം ജില്ല
റവ ദിനേശ് ബാബു 92496 76649
ശ്രീ വിനീത് രാജു 95625 24937

തിരുവല്ല ജില്ല
റവ ജോബി വറുഗീസ് ജോയി 98471 20362
ശ്രീ സിജി മാത്യു ചാക്കോ 93497 35472 *
പ്രഫ സൂസി ഏബ്രഹാം 9447563238 *

ഇലന്തൂർ ജില്ല
റവ പ്രിൻസ് ജോൺ 9249 950834
ശ്രീ എം എം ഏബ്രഹാം 9447 561728 *

പരിസ്ഥിതി വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കുവാൻ കമ്മിറ്റിയംഗങ്ങളെ വിളിക്കണമെന്നുദ്ദേശിച്ചാണ് ബന്ധപ്പെടുവാനുള്ള നമ്പരുകൾ കൊടുത്തിരിക്കുന്നത്. കമ്മിറ്റിയംഗങ്ങളെല്ലാം ഈ ലഘുലേഖയിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കും. ചില പ്രത്യേക വിഷയങ്ങളിൽ ആഴത്തിൽ പഠനക്ലാസ്സുകളെടുക്കുവാൻ താല്പര്യമുള്ളവർക്ക് നക്ഷത്ര ചിന്ഹം മാർക്ക് ചെയ്തിരിക്കുന്നവരെ വിളിക്കാവുന്നതാണ്. പരിസ്ഥിതി വിഷയത്തിൽ വിദ് ഗ്ദ്ധ പഠനങ്ങൾ നടത്തിയിട്ടുള്ളരാണിവർ. പ്രാദേശിക സഭകളിലേക്കും സ്കൂളുകളിലേക്കും മുകളിൽ പറഞ്ഞിരിക്കുന്നവരെ വിളിക്കുവാൻ ശ്രദ്ധിക്കുക.

**മഹായിടവക പരിസ്ഥിതി കമ്മിറ്റി കൺവീനർ**

ഡോ.മാത്യു കോശി പുന്നയ്ക്കാട് 9847275754
വിലാസം മലയിൽ പുന്നയ്ക്കാട് പി ഓ., കോഴഞ്ചേരി 689652
Email: drmathewkoshy51@gmail.com

**മഹായിടവക ഭാരവാഹികൾ**

**രജിസ്ട്രാർ** അഡ്വ. സ്റ്റീഫൻ ദാനിയേൽ
**സെക്രട്ടറിമാർ** വെരി റവ പി യു പൗലോസ്. പ്രഫ. ജോർജ് ജയ്ക്കബ്
**ട്രഷറാർ** . റവ.ദാനിയേൽ ജോർജ്
**ബിഷപ്പ്:** റൈറ്റ് റവ തോമസ് കെ ഉമ്മൻ

Edited by Dr.Mathew Koshy Punnackadu, Convener, CSI Madhya Kerala Diocesan Ecological Committee . Published by CSI Madhya Kerala Diocesan Ecological Committee.